# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2305 | 23.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ ക്ലാസ്സിഫിക്കേഷൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ...ും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാസ്സിഫിക്കേഷൻ സംബന്ധിച്ച് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരള സഹകരണ നിയമം ചട്ടം 182(1) പ്രകാരം കേരള സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളെ സർക്കാർ 3 വർഷത്തിലൊരിക്കൽ ക്ലാസ്സിഫിക്കേഷൻ ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ആയതു പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 14 ജില്ലാ സഹകരണ ബാങ്കുകളെ അവയുടെ സാമ്പത്തിക നില, ബിസിനസ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ ഹെഡ് ആഫീസുകളെ ക്ലാസ്സ് I, II, III എന്നും ബ്രാഞ്ചുകളെ എ,ബി,സി എന്നും തരംതിരിച്ച് ആനുപാതികമായ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് സർക്കാർ 26.02.2011 ൽ ജി.ഒ (പി) നം. 37/2011/സഹ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന നിക്ഷേപത്തിലും വായ്പയിലും കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ചും അതാത് ബാങ്കുകളുടെ പ്രവർത്തന ക്ഷമത കണക്കിലെടുത്തും ഇക്കാര്യത്തിൽ ജീവനക്കാരുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ പുനനിർണ്ണയി...ണ്ടത് ആവശ്യമാണെന്ന് കണ്ടതിനാൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് 19.01.2013 ൽ ജി.ഒ (പി) നം. 12/2013/സഹ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലാസ്സിഫിക്കേഷൻ നടപടികൾ |

പൂർത്തീകരിക്കേണ്ട കാലാവധി 2013 ജൂലൈ 19 വരെ ദീർഘിപ്പിച്ചും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങൾ വ്യക്തമാക്കിയും 33/2013-ാം നമ്പർ സർക്കുലർ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾക്കനുസൃതമായി ലഭ്യമായിട്ടുള്ള ജില്ലാ ഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ പുനർ നിശ്ചയിക്കുന്നതിനുള്ള അപേക്ഷ മേൽ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ക്ലാസ്സിഫിക്കേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 26.02.2011 ലെ ജി.ഒ (പി) നം. 37/2011/സഹ, 19.01.2013 ലെ ജി.ഒ (പി) നം. 12/2013/സഹ എന്നീ സർക്കാർ ഉത്തരവുകൾക്കനുസൃതമായി ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസ്സിഫിക്കേഷൻ പുനർനിശ്ചയിക്കുന്നതിനുള്ള അപേക്ഷകൾ ബാങ്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുന്നതിനാലാണ് ക്ലാസിഫിക്കേഷൻ നടപടികൾ വൈകുന്നത്.

(സി) ക്ലാസ്സിഫിക്കേഷൻ വൈകുന്നതിന്റെ ഫലമായി നിയമനം പ്രതീക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് നിയമന റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചുവെന്നും അറിയിക്കുമോ;

(ഡി) ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക് നിയമന ലിസ്റ്റിന്റെ കാലാവധി കേരള പബ്ലിക് സർവീസ് കമ്മീഷന് മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ക്ലർക്ക്/കാഷ്യർ തസ്തികയിലെ നിയമനം |
|---|---|
| തിരുവനന്തപുരം | 100 |
| കൊല്ലം | 45 |
| പത്തനംതിട്ട | 63 |

| | |
|---|---|
| ആലപ്പുഴ | 79 |
| കോട്ടയം | 64 |
| ഇടുക്കി | 56 |
| എറണാകുളം | 83 |
| തൃശ്ശൂർ | 111 |
| പാലക്കാട് | 81 |
| മലപ്പുറം | 122 |
| കോഴിക്കോട് | 113 |
| വയനാട് | 43 |
| കണ്ണൂർ | 210 |
| കാസറഗോഡ് | 54 |

(ഇ) ഇനി എത്ര വേക്കൻസി നിലവിലുണ്ട്; ഇവയിൽ എന്നത്തേയ്ക്ക് നിയമന ശുപാർശയുണ്ടാകുമെന്നറിയിക്കുമോ?

(ഇ) 152 വേക്കൻസി നിലവിലുണ്ട്. നിയമന ശുപാർശ പി.എസ്.സി. യിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ